(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കാനുള്ള സർക്കാർ പരിപാടികൾ

1 [2773] ഡോ. തോമസ് ഐസക് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, ടി. കെ. ദേവകുമാർ :
,, ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ രംഗത്ത് നിക്ഷേപം വർദ്ധിപ്പിക്കാനുള്ള സർക്കാർ പരിപാടികൾ പരാജയപ്പെടുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രഖ്യാപിത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിൽ എന്തെല്ലാം നിലയിലുള്ള വീഴ്ചകൾ ഉണ്ടായിട്ടുണ്ട്;

(ഡി) നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതിലും നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിലും കെ.എസ്.ഐ.ഡി.സി.-യുടെ ഭാഗത്തുനിന്നും എന്തെല്ലാം നിലയിലുള്ള വീഴ്ചകൾ സംഭവിക്കുകയുണ്ടായി;

(ഇ) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിൽ പുതുതായി വ്യവസായ രംഗത്ത് പ്രതീക്ഷിക്കുന്ന നിക്ഷേപം സംബന്ധിച്ച് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വ്യവസായ രംഗത്തു നിക്ഷേപം വർദ്ധിപ്പിക്കാനുള്ള സർക്കാർ ശ്രമം പരാജയപ്പെട്ടതായി സർക്കാർ കരുതുന്നില്ല.

(സി) ഇക്കാര്യത്തിൽ പ്രകടമായതോ എടുത്തുപറയത്തക്കതോ ആയ വീഴ്ചകൾ ഉണ്ടായതായി കരുതുന്നില്ല.

(ഡി) കെ.എസ്.ഐ.ഡി.സി.-യുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ല. കേരളത്തിലെ ഇടത്തരം വൻകിട വ്യവസായ മേഖലയിലെ വ്യാവസായിക വളർച്ചയ്ക്ക് കെ.എസ്.ഐ.ഡി.സി. പങ്ക് വഹിക്കുന്നു.

(ഇ) പുതുതായി വ്യവസായ രംഗത്ത് വന്നുകൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളും അവ മുഖേന പ്രതീക്ഷിക്കുന്ന നിക്ഷേപവും സംബന്ധിച്ച വിശദാംശങ്ങൾ ഇവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(i) വല്ലർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ — 2118 കോടി

(ii) കായംകുളം എൻ.ടി.പി.സി. താപനിലയം വികസനം — 6800 കോടി

(iii) എൽ.എൻ.ജി. റീഗ്യാസിഫിക്കേഷൻ പ്ലാന്റ് — 2300 കോടി

(iv) പെട്രോകെമിക്കൽ വാതക പ്ലാന്റ് സമുച്ചയം — 7000 കോടി

(v) കൊച്ചി റിഫൈനറിയുടെ സിംഗിൾബോയ് മൂറിംഗ് — 720 കോടി

(vi) ഇന്റർനാഷണൽ ബങ്കറിങ് ടെർമിനൽ — 195 കോടി

ഇവകൂടാതെ, കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെയുള്ളതും 632 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്നതുമായ 34 പദ്ധതികൾ നിർമ്മാണ ഘട്ടത്തിലാണ്. അടുത്ത വർഷത്തിനുള്ളിൽ ഉദ്ദേശം 290 കോടിയുടെ മുതൽ മുടക്കാണ് കിൻഫ്ര പാർക്കുകളിൽ പ്രതിക്ഷിയ്ക്കുന്നത്. ചെറുകിട വ്യവസായമേഖലയിൽ 250 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷിക്കുന്നു.

വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ വ്യവസായങ്ങൾ തുടങ്ങാൻ നടപടി

2 [2774] ശ്രീ. ഇസ്ഹാക് കുരിക്കൾ :
,, പി. കെ. കെ. ബാവ :
,, കളത്തിൽ അബ്ദുള്ള :
,, ടി. പി. എം. സാഹിർ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായങ്ങളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് എവിടെയെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിദേശ മലയാളികൾ വ്യവസായ സംരംഭവുമായി വരുമ്പോൾ അത് പ്രാവർത്തികമാക്കുന്നതിലേയ്ക്കായുള്ള എല്ലാവിധ സഹായങ്ങളും സർക്കാർ ഏജൻസികളായ കിൻഫ്രയും കെ.എസ്.ഐ.ഡി.സി-യും നൽകുന്നുണ്ട്. വിദേശ മലയാളികൾക്ക് വ്യവസായം തുടങ്ങാനുള്ള അടിസ്ഥാന സൗകര്യം കിൻഫ്ര ഒരുക്കുന്നുണ്ട്. ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമ്മാണം, കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയവ അതിൽപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly